**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - പിറവന്തൂർ ഗ്രാമ പഞ്ചായത്ത് - 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.145/18, പ്രോജക്ട് നം.89/18, പ്രോജക്ട് നം.236/18 - നടപ്പിലാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാധാ) നം.2478/2018/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 24.09.2018**

================================================================================

**പരാമർശം:** 1. പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.12.2017-ലെ A1-7681/17 നമ്പർ കത്ത്.

2. 28.11.2017-ലെ 22(1)-ാം നമ്പർ പിറവന്തൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം

3. 06-02-2018 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം 4.36

**ഉത്തരവ്**

2017-18 വാർഷിക പദ്ധതിയിൽ ഭവനങ്ങളുടെ മേൽക്കൂര മാറ്റൽ (പ്രോജക്ട് നം.145/18 അടങ്കൽ തുക 47,25,000/- രൂപ), വനിത ഗൃഹനാഥയായ കുടുംബത്തിന് ഭവന നിർമ്മാണം (പ്രോജക്ട് നം.89/18 അടങ്കൽ തുക 3,26,000/- രൂപ), ഭവനങ്ങളുടെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നം.236/18 അടങ്കൽ തുക 31,50,000/- രൂപ) എന്നീ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ പുറമ്പോക്ക് ഉൾപ്പെടെയുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരാണെന്നും കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ആനുകൂല്യങ്ങൾ നൽകരുതെന്നും UA നമ്പർ നൽകരുതെന്നും കല്ലട ഇറിഗേഷൻ പ്രോജക്ട് അധികൃതർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും ഇതൊഴിവാക്കി പ്രോജക്ട് നടപ്പിലാക്കുവാൻ അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

2) 06-02-2018 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി കമ്മിറ്റിയുടെ പരാമർശം (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2017-18 വാർഷിക പദ്ധതിയിൽ ഭവനങ്ങളുടെ മേൽക്കൂര മാറ്റൽ (പ്രോജക്ട് നം.145/18 അടങ്കൽ തുക 47,25,000/- രൂപ), വനിത ഗൃഹനാഥയായ കുടുംബത്തിന് ഭവന നിർമ്മാണം (പ്രോജക്ട് നം.89/18 അടങ്കൽ തുക 3,26,000/- രൂപ), ഭവനങ്ങളുടെ മേൽക്കൂര മാറ്റി സ്ഥാപിക്കൽ (പ്രോജക്ട് നം.236/18 അടങ്കൽ തുക 31,50,000/- രൂപ) എന്നീ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ പിറവന്തൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ഇവർ

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുതിയ വീട് നൽകുന്നത് പരിഗണിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പിറവന്തൂർ
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡിഎ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ